അടുത്തകാലത്തു മുതലാളിമാർ നിർദ്ദാക്ഷിണ്യം കുടിയിറക്കിവിടുന്നതു നിമിത്തം ധാരാളം ആളുകൾ വേനക്കാളില്ലാതെ കഷ്ടപ്പെടുന്നതായി ഗവണ്മെൻറിനറിയാമോ?

(ബി) പാർപ്പിടമില്ലാത്ത ആളുകൾക്ക് പാർപ്പിടമുണ്ടാക്കുന്നതിനുള്ള പദ്ധതി ഗവണ്മെൻറു സ്വീകരിക്കുമോ?

(സി) നിർബന്ധിതകുടിയിറക്കു സമ്പ്രദായം പരുതാപകരമായിട്ടുള്ളതാകയാൽ ഒരു നിയമംമൂലം അതിനെ തടയുന്നതിനു ബഹുമാനപ്പെട്ട ഗവണ്മെൻറിനു സന്മനസ്സുണ്ടാകുമോ?

HON'BLE MR. C. KESAVAN : (എ) ഇല്ല.

(ബി) ഇല്ല.

(സി) ഗവണ്മെൻറിന്റെ ശ്രദ്ധയിൽ ഇരിക്കുന്നകാര്യമാണ്.

MR. P. CHACKO : ഇതേപ്പറ്റി ഈ സഭയിലെ പല മെമ്പറന്മാരും ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതുകൊണ്ടു അനാവശ്യമായി കുടിയിറക്കുന്നതിനെ തടയുന്നതിനുള്ള ശ്രമം ചെയ്യേണ്ടതാണെന്നു ഗവണ്മെൻറു വിചാരിക്കുന്നുണ്ടോ?

HON'BLE MR. C. KESAVAN : ശ്രമിക്കുന്നുണ്ട്. ഈ ചോദ്യത്തിനുള്ള സമാധാനവും ഇതിൽ പറഞ്ഞിട്ടുണ്ട്.

ചിറയിൻകീഴ് താലൂക്കിലെ റോഡുകൾ.

289. MR. P. NANOO (*Chirayinkil II—General*) : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പി. ഡബ്ലിയു. മന്ത്രി സഭയം മറുപടി പറയുമോ?

(എ) ചിറയിൻകീഴ താലൂക്കിൽ പൊതുജനങ്ങൾ വെട്ടിയുണ്ടാക്കിയ റോഡുകൾ എത്ര ഉണ്ടു? അവ ഏതെല്ലാമാണ്?

(ബി) ഈ റോഡുകൾ ഗവണ്മെൻറിൽനിന്നും ഏറ്റെടുത്തു ഉപയോഗപ്രദമാക്കുന്നതിന് വല്ല നടപടിയും നടത്തിട്ടുണ്ടോ?

HON'BLE MR. A. ATCHUTHAN : 1. No ryots road in conformity with all the conditions laid down in the Ryots Roads Rules has been cut open in Chirayinkil taluk by the Public, A list of ryots roads partly constructed by them is given below :

Road from Njeckad to Panayara to Chavarcod (6th mile Varkala Kallambalam road to 6th mile Paripally road) length 3½ miles.

Road from Kattuchantha to Ponganad (5/7 of Nagaroor-Kallambalam road to 3/6 of Kilimanoor Madavoor road) length 3 miles and 3 furlongs.

LIBRARY ARCHIVES Kerala Legislative Assembly

Elankaman road (partly in Chirayinkil taluk 2/1 of Bhoothakulam road to 6/8 of Paravoor-Paripally road) length 1½ miles in Chirayinkil taluk.

Road from 26th mile M. C. road to 12th mile Paripally-Madathara road (partly in Chirayinkil taluk) length nearly 4 miles.

Road from Ponganad in Kilimanoor-Madavoor road to 27th mile M. C. road at Thattathu Mala, length nearly 4 miles.

2. As the roads are not in a proper condition they have not been taken under departmental maintenance. As soon as the roads are cut open by the ryots in pursuance of the Ryots Roads Rule steps will be taken for bringing them under departmental maintenance.

MR. P. NANOO : ഈ റോഡുകളെല്ലാം നല്ല കണ്ടിഷനിൽ ആക്കിത്തീർക്കുന്നതു ജനങ്ങൾ തന്നെ വേണമെന്നാണോ പറയുന്നത്?

HON'BLE MR A. ATCHUTHAN : റയറ്റ്സുറോഡിന്റെ കൂലനസരിച്ചു ചില കാര്യങ്ങൾ റയ്റ്റ്സുതന്നെ ചെയ്യണമെന്നുണ്ട്. അതിനു ശേഷമേ ഗവണ്മെന്റു ആ റോഡുകൾ ഏറ്റെടുക്കുകയുള്ളൂ.

MR. P. NANOO : ഗവണ്മെന്റിന്റെ കൂലനസരിച്ചു് ഈ റോഡുകളൊന്നുംതന്നെ ഗവണ്മെന്റു ഏറ്റെടുക്കത്തക്ക നിലയിൽ വന്നിട്ടില്ലെന്നാണോ പറയുന്നത്?

HON'BLE MR. A. ATCHUTHAN : ഒന്നാമതു് റോഡിനു് ആവശ്യമായ സ്ഥലം വിലയില്ലാതെ വിട്ടുകൊടുക്കണം. പിന്നീടു് റോഡുവെട്ടി ലവൽ ചെയ്തു കൊടുക്കണം. അതിനുശേഷമെ ഗവണ്മെന്റു എടുക്കുകയുള്ളൂ. ഈ റോഡുകളെ സംബന്ധിച്ചിടത്തോളം ഇതുരണ്ടും ജോലികൾ ചെയ്തിട്ടില്ലെന്നാണു വിചാരിക്കേണ്ടതു്.

MR. N. KUNJURAMAN (*Chirayinkil IV—General*) : ഗവണ്മെന്റിൽ നിന്നും റോഡുണ്ടാക്കുന്നതിനുവേണ്ടി ഒരു സഹായവും ചെയ്യുകയുണ്ടായില്ലേ?

HON'BLE MR. A. ATCHUTHAN : റയറ്റ്സ് ചെയ്യേണ്ടതു മുഴുവൻ ചെയ്തതിനുശേഷമെ ഗവണ്മെന്റു സഹായമുണ്ടാകുകയുള്ളൂ.

MR. N. KUNJURAMAN : ഇതുരണ്ടും റോഡുകൾക്കു മൊത്തം എന്തു ചെലവു വരുമെന്നാണു എസ്റ്റിമേറു ചെയ്തിരിക്കുന്നതു്?

HON'BLE MR. A. ATCHUTHAN : അതുനോക്കി പറയാം.

MR. K. A. MATHEW (*Thiruvalla IV—General*) : റയറ്റ്സ് റോഡുകൾ ഉണ്ടാക്കിയതിനുശേഷം ഗവണ്മെന്റു ഏറ്റെടുത്തിരിക്കുന്ന അനവധി റോഡുകൾ യാതൊരു പണിയും നടത്താതെ ഇപ്പോഴും അതേവിധത്തിൽ കിടപ്പുണ്ടെന്നുള്ള വിവരം ബഹുമാനപ്പെട്ട മന്ത്രിക്കറിയാമോ?

HON'BLE MR. A. ATCHUTHAN : കാണും. അതിനു വേണ്ടതു ചെയ്യുന്നതാണു.

LIBRARY ARCHIVES Kerala Legislative Assembly